File No.TRY/1850/2021-E1

ഭരണഭാഷ - മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 31/05/2021

നം.TRY/1850/2021-E1

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: 2021 മേയ് മാസത്തെ ശമ്പളവും ജൂൺ മാസത്തെ പെൻഷനും വിതരണം ചെയ്യുന്നത് സംബന്ധിച്ച് - ട്രഷറികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :
1. ഈ കാര്യാലയത്തിൽ നിന്നുള്ള 04/05/2021-ലെ ഇ 1-1380/2021 നമ്പർ കത്ത് .
2 ഈ കാര്യാലയത്തിൽ നിന്നുള്ള 29/04/2021-ലെ TRY/737/2020-P2 നമ്പർ കത്ത് .

മേൽ വിഷയത്തിലേക്കു സാദരം ശ്രദ്ധ ക്ഷണിക്കുന്നു . കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ തുടരുന്ന പശ്ചാത്തലത്തിൽ ശമ്പള പെൻഷൻ വിതരണത്തിനായി ട്രഷറികൾക്ക് താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1). പേപ്പർലെസ്സ് ബിൽ സംവിധാനം ഏർപ്പെടുത്തിയ 98 വകുപ്പുകൾ കൂടാതെ പ്രസ്തുത സംവിധാനം ഏർപ്പെടുത്താത്ത വകുപ്പുകളിൽ നിന്നുൾപ്പെടെ ഓൺലൈൻ ആയി സമർപ്പിച്ച 2021 ഏപ്രിൽ മാസത്തെ ശമ്പള ബില്ലുകൾ , ഫിസിക്കൽ കോപ്പി സമർപ്പിക്കാതെ തന്നെ പാസ്സാക്കി നൽകുന്നതിന് സൂചന ഒന്ന് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശങ്ങൾ മെയ് മാസത്തെ ശമ്പളവിതരണത്തിനും ബാധകമാണ്. ട്രഷറികൾ ഈ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മെയ് മാസത്തെ ശമ്പളം വിതരണം ചെയ്യേണ്ടതാണ്.

2). ജൂൺ ഒന്നാംതിയ്യതി ബാങ്ക് പ്രവർത്തിദിവസം അല്ലാത്ത സാഹചര്യത്തിൽ ഒന്നാം

തിയ്യതിയിലെ ട്രഷറി പ്രവർത്തനത്തിന് ആവശ്യമായ impress കൂടി ട്രഷറികൾ 31/05/2021-ന്ന് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഇതിന് impress പരിധി ബാധകമല്ല.

3). ജൂൺ മാസത്തെ ആദ്യ എട്ട് പ്രവർത്തി ദിവസങ്ങളിൽ ട്രഷറിയുടെ ഇടപാട് സമയം പൂർണ്ണതോതിൽ വൈകുന്നേരം മൂന്നുമണിവരെ ആയിരിക്കുന്നതാണ്.

4). സൂചന രണ്ട് പ്രകാരം മെയ് മാസത്തെ പെൻഷൻ വിതരണത്തിന് ട്രഷറികൾക്ക് നൽകിയ നിർദ്ദേശങ്ങൾ നിലനിൽക്കുന്നതിനാൽ ആ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ട്രഷറികൾ ജൂൺ മാസത്തെ പെൻഷൻവിതരണം നടത്തേണ്ടതാണ്.

5). സറണ്ടർ ബില്ലുകൾ മാറുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നിലനിക്കുന്നതിനാൽ ഈ വിഷയത്തിൽ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചശേഷം മാത്രമേ ട്രഷറികൾ സറണ്ടർ ബില്ലുകൾ പരിഗണിക്കാൻ പാടുള്ളൂ.

Signature Not Verified
Digitally signed by JAFAR A M
Date: 2021.05.31 12:37:46 IST
Reason: Approved

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

Directorate of Treasuries, Krishna buildings, Thycaud P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email: keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229